# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 895

02-12-2015 ൽ മറുപടിയ്ക്ക്.

## പേരാമ്പ്ര മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ എന്തൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതം അനുവദിച്ചു എന്ന് വിശദമാക്കുമോ; | (എ) | **ജലസേചന വകുപ്പ്-**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലസേചന വകുപ്പിനു കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>**കേരള ജല അതോറിറ്റി**<br>1. പേരാമ്പ്ര മണ്ഡലത്തിലെ പാലേരി ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ ചങ്ങരോത്ത് പഞ്ചായത്തിലെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കാനും പ്രഷർഫിൽറ്റർ സ്ഥാപിക്കാനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br>2. നാക്കൻകുന്ന് ശുദ്ധജലവിതരണ പദ്ധതിയ്ക്ക് "10-HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി" - 2 ലക്ഷം രൂപ അനുവദിച്ചു.<br>3. പേരാമ്പ്ര ശുദ്ധജലവിതരണ പദ്ധതിയ്ക്ക് "10-HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി" - 2 ലക്ഷം രൂപ അനുവദിച്ചു.<br>**ഭൂജലവകുപ്പ്**<br>2012-13 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഭൂജലവകുപ്പ് മുഖേന 3 ഹാൻഡ്പമ്പ് റിപ്പയർ പ്രവൃത്തികൾ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അരിക്കുളം പഞ്ചായത്തിൽ പുതുക്കുന്ന്, കറ്റത്തറ, കുരുമുള്ളംതറ എന്നീ സ്ഥലങ്ങളിലായി നടപ്പാക്കിയ വകയിൽ ആകെ 30,000/- രൂപ അനുവദിക്കുകയുണ്ടായി. |

**ജലനിധി**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുവണ്ണൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരികയാണ്. താഴെപ്പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുകയുണ്ടായി.

| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|---|
| | കീഴരിയൂർ | | ചെറുവണ്ണൂർ | |
| | എണ്ണം | തുക (ലക്ഷത്തിൽ) | എണ്ണം | തുക (ലക്ഷത്തിൽ) |
| കുടിവെള്ള പദ്ധതികൾ | 16 | 444.51 | 28 | 453.30 |
| ശുചിത്വ പദ്ധതികൾ | 4 | 11.37 | 8 | 21.89 |
| ഭൂജല സംവർദ്ധനം | 4 | 14.71 | 2 | 29.95 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | - | 6.20 | - | 6.20 |
| പരിശീലനം | 11 | 1.43 | 10 | 1.71 |
| ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ | - | 0.60 | - | 1.55 |

(ബി) ഇതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) **ജലസേചന വകുപ്പ്**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലസേചന വകുപ്പിനു കീഴിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കേരള ജല അതോറിറ്റി**

1. പേരാമ്പ്ര മണ്ഡലത്തിലെ പാലേരി ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ ചങ്ങരോത്ത് പഞ്ചായത്തിലെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി സെപ്റ്റംബർ 2014 ൽ പൂർത്തിയായി. ഇതുവരെ 77.30 ലക്ഷം രൂപ ചെലവായി.
2. നാക്കൻകുന്ന് ശുദ്ധജലവിതരണ പദ്ധതിയ്ക്ക് "10-HP പമ്പ്സെറ്റ് സ്ഥാപിച്ചു. ചെലവഴിച്ച തുക - 1,90,418/- രൂപ.
3. പേരാമ്പ്ര ശുദ്ധജലവിതരണ പദ്ധതിയ്ക്ക് 10-HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ചെലവഴിച്ച തുക - 1,90,418/- രൂപ

**ഭൂജലവകുപ്പ്**

ഭൂജലവകുപ്പ് മുഖേന നടപ്പാക്കിയ 3 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 28,517/- രൂപ ചെലവഴിച്ചിട്ടുണ്ട്. (രൂപ 5,973+5,900+16,644)

**ജലനിധി**

മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. കീഴരിയൂർ പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്. രണ്ടു പഞ്ചായത്തിലും നാളിതുവരെ ചെലവഴിച്ച തുക ഇപ്രകാരമാണ്.

| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|---|
| | കീഴരിയൂർ | | ചെറുവണ്ണൂർ | |
| | എണ്ണം | തുക (ലക്ഷത്തിൽ) | എണ്ണം | തുക (ലക്ഷത്തിൽ) |
| കുടിവെള്ള പദ്ധതികൾ | 16 | 264.50 | 28 | 330.95 |
| ശുചിത്വ പദ്ധതികൾ | 4 | 1.35 | 8 | 13.27 |
| ഭൂജല സംവർദ്ധനം | 4 | 14.71 | 2 | 17.90 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | - | 5.36 | - | 5.11 |
| പരിശീലനം | 11 | 1.14 | 10 | 0.87 |
| ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ | - | 0.60 | - | 0.77 |

(സി) ഇനി ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

(സി) **ജലസേചന വകുപ്പ്**

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മുൻഗണനാ ക്രമത്തിൽ തയ്യാറാക്കുന്നുണ്ട്.

**കേരള ജല അതോറിറ്റി**

പുതുതായി പദ്ധതികളൊന്നും നിലവിലില്ല.

**ഭൂജലവകുപ്പ്**

പുതുതായി പ്രവൃത്തികൾ ഒന്നും നടപ്പാക്കുന്ന വിഷയം പരിഗണനയിലില്ല.

| | | | |
|---|---|---|---|
| | | | ജലനിധി<br>ചെറുവണ്ണൂർ പഞ്ചായത്തിൽ ഇനി ഒന്നും പൂർത്തിയാക്കാനില്ല. പുതുതായി നടപ്പാക്കാനും ഒന്നും അവശേഷിക്കുന്നില്ല. കീഴരിയൂർ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പദ്ധതികളെല്ലാം പൂർത്തീകരിച്ചുവരികയാണ്. കൂടാതെ പേരാമ്പ്രയിലുൾപ്പെടുന്ന ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിൽ മൂന്നാം ബാച്ചിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

| (എ) | | |
|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക |
| 1 | പേരാമ്പ്ര പഞ്ചായത്തിൽ കുറ്റ്യാടിപുഴയുടെ ഇടതുകരയിൽ അടിയാട്ട് കടവ് കുളിക്കടവ് അഭിവൃദ്ധിപ്പെടുത്തൽ | 16.50 |
| 2 | [illegible] പഞ്ചായത്തിൽ വാർഡ് 12ൽ [illegible] കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണം | 110.00 |
| 3 | പേരാമ്പ്ര പഞ്ചായത്തിൽ 2-ാം വാർഡിൽ ആട്ടോത്ത് താഴെ താൽക്കാലിക പാലം മുതൽ വണ്ണാത്താമൂഴി (സുരികര) വരെ ചെറുപുഴയുടെ ഇടതുകര സംരക്ഷണം | 63.00 |
| 4 | ചെറുവണ്ണൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 12ൽ തൈവെച്ചകണ്ടിയിൽ കുറ്റ്യാടിപുഴയുടെ ഇടതുകര സംരക്ഷണം | 25.00 |
| 5 | ചങ്ങരോത്ത് പഞ്ചായത്തിൽ കടിയങ്ങാടിന് സമീപം കാഞ്ഞിരക്കടവത്ത് ചെറുപുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണം | 86.00 |
| 6 | കൂത്താളി പഞ്ചായത്തിലെ വാർഡ് 1 ൽ കിഴക്കൻ പേരാമ്പ്ര പാടശേഖരം ഡ്രൈനേജ് ചാനലിന്റെ പ്രവൃത്തി | 10.00 |
| 7 | നബാർഡ് -ആർ.ഐ.ഡി.എഫ്-XVII- കൂത്താളി പഞ്ചായത്തിലെ മമ്പാട്ടില് താഴെ ചെമ്പ്ര കടിയങ്ങാട് പുഴക്ക് കുറുകെ ആർ സി ബി നിർമ്മാണം | 167.00 |
| 8 | കായണ്ണ പഞ്ചായത്തിലെ വാർഡ് 2 ൽ കൊളോറപ്പാറ വിസിബിയുടെ മുകൾ ഭാഗത്തുള്ള ചെറുപുഴയുടെ സംരക്ഷണ പ്രവൃത്തി | 10.00 |
| 9 | ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുക്കള്ളിൽ വിസിബിയുടെ പാർശ്വഭിത്തി സംരക്ഷണം | 23.00 |
| 10 | കായണ്ണ പഞ്ചായത്തിലെ കൊളോറപ്പാറ വിസിബിയുടെ മുകൾ ഭാഗത്ത് വലതുഭാഗത്ത് പാർശ്വഭിത്തി സംരക്ഷണം. | 15.00 |
| 11 | കായണ്ണ പഞ്ചായത്തിലെ വാർഡ് നമ്പർ 2,3 ൽ പ്പെട്ട പൈക്കടവത്ത് പൂക്കണ്ടങ്ങര പൂളച്ചാൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം. | 17.00 |
| 12 | ചക്കിട്ടപ്പാറ പഞ്ചായത്തിലെ വാർഡ് 4 ൽ പ്പെട്ട കവറുള്ള കൊല്ലി പൂഴിത്തോട്ടില് വിസിബി, പാർശ്വഭിത്തി നിർമ്മാണം. | 29.00 |
| 13 | കായണ്ണ പഞ്ചായത്തിലെ ചെമ്പ്ര പുഴക്ക് കുറുകെഊങ്ങോറച്ചാലിൽ ആർ സി ബി. യുടെ നിർമ്മാണം. | 47.00 |
| 14 | മേപ്പയ്യൂർ പഞ്ചായത്തിലെ വാർഡ് 1ൽ മീറങ്ങാട്ട് താഴെകുളം പുനരുദ്ധാരണം | 29.00 |
| 15 | )മേപ്പയ്യൂർ പഞ്ചായത്തിലെ പട്ടേരിക്കാപ്പു കുളത്തിന്റെ പുനരുദ്ധാരണം | 53.00 |
| 16 | ചെറുവണ്ണൂർ പഞ്ചായത്തിലെ വാർഡ് 2 ൽ ജാമ്യം പാറകുളത്തിന്റെ പുനരുദ്ധാരണം | 20.70 |
| 17 | പേരാമ്പ്ര പഞ്ചായത്തിലെ മരക്കാടിതോടിന്റെ നിർമ്മാണം. | 25.00 |
| 18 | മേപ്പയ്യൂർ പഞ്ചായത്തിലെ വാർഡ് 1 ൽ നമ്പിച്ചാൻകണ്ടി കടവ് കുളം പുനരുദ്ധാരണം | 32.00 |
| 19 | അരിക്കുളം പഞ്ചായത്തിലെ വാർഡ് 5 ൽ താന്നിയോട്ടുപുറം താഴെ തോടിന്റെ നിർമ്മാണം | 15.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

## പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | പേരാമ്പ്ര പഞ്ചായത്തിൽ കുറ്റ്യാടിപുഴയുടെ ഇടതുകരയിൽ അടിയാട്ട് കടവ് കുളിക്കടവ് അഭിവൃദ്ധിപ്പെടുത്തൽ | 1572553.6 |
| 2 | കൂത്താളി പഞ്ചായത്തിലെ വാർഡ് I ൽ കിഴക്കൻ പേരാമ്പ്ര പാടശേഖരം ഡ്രൈനേജ് ചാനലിന്റെ പ്രവൃത്തി | 942677 |
| 3 | നബാർഡ് -ആർ.ഐ.ഡി.എഫ്-XVII- കൂത്താളി പഞ്ചായത്തിലെ മമ്പാട്ടില് താഴെ ചെമ്പ്ര കടിയങ്ങാട് പുഴക്ക് കുറുകെ ആർ സി ബി നിർമ്മാണം | 78,60,959 (Part bill) |
| 4 | കായണ്ണ പഞ്ചായത്തിലെ വാർഡ് 2 ൽ കൊളോറപ്പാറ വിസിബിയുടെ മുകൾ ഭാഗത്തുള്ള ചെറുപുഴയുടെ സംരക്ഷണ പ്രവൃത്തി | 947757 |
| 5 | ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുക്കള്ളിൽ വിസിബിയുടെ പാർശ്വഭിത്തി സംരക്ഷണം | 2249434 |
| 6 | കായണ്ണ പഞ്ചായത്തിലെ കൊളോറപ്പാറ വിസിബിയുടെ മുകൾ ഭാഗത്ത് വലതുഭാഗത്ത് പാർശ്വഭിത്തി സംരക്ഷണം. | 1581956 |
| 7 | കായണ്ണ പഞ്ചായത്തിലെ വാർഡ് നമ്പർ 2,3 ൽ പ്പെട്ട പൈക്കടവത്ത് പൂക്കണ്ടങ്ങര പുളച്ചാൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം. | 1829074 |
| 8 | ചക്കിട്ടപ്പാറ പഞ്ചായത്തിലെ വാർഡ് 4 ൽ പ്പെട്ട കറവുള്ള കൊല്ലി പുഴിതോട്ടില് വിസിബി, പാർശ്വഭിത്തി നിർമ്മാണം. | 3121951 |
| 9 | കായണ്ണ പഞ്ചായത്തിലെ ചെമ്പ്ര പുഴക്ക് കുറുകെഞ്ഞാണ്ടോറച്ചാലിൽ ആർ സി ബി യുടെ നിർമ്മാണം. | 4668470 |
| 10 | മേപ്പയ്യൂർ പഞ്ചായത്തിലെ വാർഡ് 1ൽ മീറങ്ങാട്ട് താഴെകുളം പുനരുദ്ധാരണം | 3353898 |
| 11 | മേപ്പയ്യൂർ പഞ്ചായത്തിലെ പട്ടേരിക്കാപ്പു കുളത്തിന്റെ പുനരുദ്ധാരണം | 4232668 |
| 12 | ചെറുവണ്ണൂർ പഞ്ചായത്തിലെ വാർഡ് 2 ൽ ജാമ്യം പാറകുളത്തിന്റെ പുനരുദ്ധാരണം | Payment not done |
| 13 | പേരാമ്പ്ര പഞ്ചായത്തിലെ മരക്കാടിതോടിന്റെ നിർമ്മാണം. | 2624700 |
| 14 | മേപ്പയ്യൂർ പഞ്ചായത്തിലെ വാർഡ് 1 ൽ നമ്പിച്ചാൻകണ്ടി കടവ് കുളം പുനരുദ്ധാരണം | Payment not done |
| | | |

സെക്ഷൻ ഓഫീസർ